# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**

**ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in**


---

നം: ആവഡ/9002/2026- ഇ എൽ3 തീയതി: 27-04-2026

## <u>സർക്കുലർ</u>

വിഷയം:- ആവഡ- ജീവനക്കാര്യം – ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (തസ്തികമാറ്റം വഴി) തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് വേണ്ടി 01/08/2025 മുതൽ 30/04/2026 വരെയുള്ള കാലയളവിൽ ആരോഗ്യവകുപ്പിലെ നിശ്ചിത യോഗ്യതയുള്ള ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച്-

സൂചന:-

1.ജി. ഒ. (പി)76/2017/എച്ച്&എഫ്ഡബ്ല്യൂഡി തീയതി 12/12/2017

2.സ.ഉ(കൈ)നം. 11/2020/ആ.കു.വ തീയതി. 25.01.2020

3. ഉത്തരവ് നം. ഇ എൽ 3-19457/2025/ആവഡ തീയതി 26/11/2025

4. കുറിപ്പ് നം. ഇ ജി 5- 8781/2026/ആവഡ തീയതി 20.04.2026

ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് വേണ്ടിയുള്ള സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിലേക്കായി 01/08/2025 മുതൽ 30/04/2026 വരെയുള്ള കാലയളവിൽ നിശ്ചിത യോഗ്യത നേടിയിട്ടുള്ള ലാസ്റ്റ് ഗ്രേഡ്, ഫീൽഡ് വർക്കർ എന്നീ തസ്തികകളിലെ ജീവനക്കാർ, സൂചന (1) ലെ വിശേഷാൽ ചട്ടത്തിൽ ചേർത്തിട്ടുള്ള വിവിധ ഫീഡർ കാറ്റഗറിയിലെ ജീവനക്കാർ എന്നിവർ ഇതോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകളോടൊപ്പം ഉചിത മാർഗ്ഗേണ സ്ഥാപന മേലധികാരികൾക്ക് 15/05/2026 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

Digitally signed by
Shinu K S
Date: 27-04-2026
12:24:08

<u>യോഗ്യത</u>

1. ജനറൽ :- പ്ലസ് ടു സയൻസ് വിജയം / തത്തുല്യ യോഗ്യത.

2. ടെക്നിക്കൽ :- ആരോഗ്യ വകുപ്പ് നടത്തുന്ന ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ് അല്ലെങ്കിൽ കേരള സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ്

3. രജിസ്ട്രേഷൻ : - കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും ഈ സർക്കുലറും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയും തങ്ങളുടെ കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും അയച്ചു കൊടുക്കേണ്ടതും വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രൊഫോർമ 10/06/2026 ന് മുമ്പായി ഈ ഓഫീസിൽ എത്തിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖേനെ)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക ഔദ്യോഗിക വെബ് സൈറ്റ്
3. ഫയൽ/സ്റ്റോക്ക് ഫയൽ